പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5185 02.07.2013 -ൽ മറുപടിക്ക്

കൊയിലാണ്ടി നഗരത്തിൽ കെ. എസ്. ആർ. ടി. സി. ഡിപ്പോ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കൊയിലാണ്ടി നഗരത്തിൽ കെ. എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിനായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോ ആരംഭിക്കണമെന്ന ബഹു. എം.എൽ.എ.യുടെ നിർദ്ദേശത്തിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വളരെ വാണിജ്യ പ്രാധാന്യമുള്ള നഗരം എന്ന നിലയിലും ഗ്രാമപ്രദേശങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശം എന്ന നിലയിലും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുകയാണെങ്കിൽ കെ.എസ്.ആർ.ടി. സി.യുടെ ബാദ്ധ്യതകൾ കൂടി പരിഗണിച്ച ശേഷം ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കാമെന്നാണ് സാധ്യതാ പഠനത്തിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളത്. എന്നാൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട നഗരസഭ ഒരുക്കി തന്നാലും ഒരു ഓപ്പറേറ്റിംഗ് സെന്ററിന്റെ തുടർ പ്രവർത്തന ചെലവുകൾക്കായി പ്രതിവർഷം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി കണ്ടെത്തേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ കഴിയാത്തതിനാൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. കോഴിക്കോട് സോണൽ ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച സർവ്വെ നടത്തുകയുണ്ടായോ ; ഉണ്ടെങ്കിൽ സർവ്വെ എന്നാണ് നടത്തിയത് എന്ന് വിശദമാക്കാമോ ; | (ബി) | 2012 ജൂലായ് മാസത്തിൽ സാധ്യതാപഠനം നടത്തി 01.08.2012-ൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സർവ്വെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; ആയതിന്മേൽ നടപടികൾ സ്വീകരിച്ചോ ; വിശദമാക്കാമോ ; | (സി) | ഇത്തരം സാധ്യതാപഠന റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്ന പതിവില്ല. ഓപ്പറേറ്റിംഗ് സെന്റർ, സബ്ബ് ഡിപ്പോ, ഡിപ്പോ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നത് കെ.എസ്.ആർ.ടി.സി ഭരണസമിതി ആണ്. സാധ്യതാപഠനത്തിന് ശേഷം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾനാടുകളിലേക്ക് കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആരിൽ നിന്നെല്ലാം ; ഓരോ അപേക്ഷയിലെയും ആവശ്യങ്ങൾ സ്പഷ്ടമാക്കാമോ ; | (ഡി) | 9 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | ലഭിച്ചിട്ടുള്ള ഈ അപേക്ഷകളിന്മേൽ ഓരോന്നിലും സർക്കാരിന്റെ പരിഗണനകളും നടപടികളും വിശദമാക്കാമോ ; | (ഇ) | ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | കൊയിലാണ്ടി മണ്ഡലത്തിൽ ഉൾനാടൻ പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി.യുടെ എത്ര ഷെഡ്യൂളുകൾ ഉണ്ട് എന്നും അത് ഏതെല്ലാം എന്നും വിശദമാക്കാമോ ; | (എഫ്) | ഒരു ഷെഡ്യൂൾ.<br>കോഴിക്കോട് നിന്നും കൊയിലാണ്ടി വഴി മേപ്പയൂരിലേക്ക്. |

| | | | |
|---|---|---|---|
| (ജി) | ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് എത്തുന്നതിന് തിരുവണ്ടൂർ ടൗൺ-ടു-ടൗൺ സർവ്വീസിന് സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ പരിഗണിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ ? | (ജി) | സ്റ്റോപ്പ് അനുവദിക്കണമെന്ന ബഹു. എം.എൽ.എ.യുടെ ആവശ്യത്തിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് ഗുണകരമായിരിക്കില്ലായെന്നാണ് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | സർവ്വീസ് ആവശ്യപ്പെട്ട അപേക്ഷകൻ/ജനപ്രതിനിധി | ആവശ്യപ്പെട്ട റൂട്ട് |
|---|---|---|
| 1 | ശ്രീ. ഇ.റ്റി. രാഘവൻ, നൊച്ചാട് | പേരാമ്പ്ര-നൊച്ചാട്-കാരയോട്-അരിക്കുളം-കൊയിലാണ്ടി |
| 2 | ശ്രീ.പി.കൃഷ്ണൻകുട്ടി നായർ, അരിക്കുളം | കോഴിക്കോട്-അരിക്കുളം-കീഴ് പയ്യൂർ |
| 3 | ശ്രീ. ഇ.എം. മുനീർ | കോഴിക്കോട്-അരിക്കുളം-നരക്കോട്-മേപ്പയൂർ-കളരിക്കണ്ടിമുക്ക് |
| 4 | ശ്രീ.കെ. കുഞ്ഞഹമ്മദ് മാസ്റ്റർ, ബഹു. എം.എൽ.എ | കോഴിക്കോട്-കൊയിലാണ്ടി-അരിക്കുളം-പേരാമ്പ്ര-ആവള |
| 5 | ശ്രീ. ഐശ്വര്യ സമൃദ്ധി സ്വയം സഹായ സംഘം, നടേരി പി.ഒ. | 1. കൊയിലാണ്ടി-മുത്താമ്പി-ഒറ്റക്കണ്ടം-തെറ്റിക്കുന്ന്<br>2. കൊയിലാണ്ടി-കാവുംവട്ടം |
| 6 | ശ്രീ. കെ.ദാസൻ, ബഹു. എം.എൽ.എ | അയണിക്കാട്-കോട്ടക്കടപ്പുറം-കൊളാവിപ്പാലം-കോട്ടയ്ക്കൽ |
| 7 | ചെയർപേഴ്സൺ, കൊയിലാണ്ടി നഗരസഭ | കൊയിലാണ്ടി-കൊല്ലം-പുളയഞ്ചേരി |
| 8 | ശ്രീ. ചന്ദ്രൻ, കീഴരിയൂർ | ബാലുശ്ശേരി-നടുവണ്ണൂർ-നരക്കോട്-ഇരിങ്ങത്ത്-വടകര |
| 9 | ശ്രീ. കെ.പി. നമ്പ്യാർ, നടുവണ്ണൂർ | മേപ്പയൂർ-കാവുംത്തറ-കോഴിക്കോട് |

[signature]

സെക്ഷൻ ഓഫീസർ